"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) "ആശ്വാസ് 2024" ന്റെ കാലാവധി 01.10.2024 മുതൽ 30.11.2024 വരെ 2 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1019/2024/TAXES തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:- 1. 29.07.2024 ലെ സ.ഉ(സാധാ)നം.676/2024/നികുതി

2. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ യുടെ 07.11.2024 ലെ RR/1100/OTS/Adalat നമ്പർ കത്ത്

**ഉത്തരവ്**

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) "ആശ്വാസ് 2024" നടപ്പാക്കുന്നതിനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ തീർപ്പാവാത്ത ആർആർ ഫയലുകൾ തീർപ്പാക്കുന്നതിനായി അദാലത്ത് സംഘടിപ്പിക്കുന്നതിനും പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു.

2. "ആശ്വാസ്-2024" പദ്ധതിയുടെ കാലാവധി 01.08.2024 മുതൽ 30.09.2024 വരെ ആയിരുന്നുവെന്നും ടി കാലയളവിൽ ആർആർ/നോൺ ആർആർ കുടിശ്ശിക അക്കൗണ്ടുകളിലായി 342.43 കോടി പിരിച്ചെടുത്തതായും ടി തുക ലക്ഷ്യമിട്ട കുടിശ്ശിക തുകയേക്കാൾ വളരെ കുറവാണെന്നും കുറച്ച് കൂടി സമയം ദീർഘിപ്പിച്ച് നൽകുകയാണെങ്കിൽ കുടിശ്ശിക പിരിവ് നല്ല രീതിയിൽ നടത്താൻ കഴിയുമെന്നും 31.10.2024-ന് കെ.എസ്.എഫ്.ഇ-യിൽ നിലവിലുണ്ടായിരുന്ന ആർആർ കുടിശ്ശിക 50625 ഫയലുകളിലായി 2,523/-കോടി രൂപയും ചിട്ടികളിലും വായ്പകളിലും കൂടി നോൺ ആർആർ കുടിശ്ശിക 183563 അക്കൗണ്ടുകളും 4,201/- കോടി രൂപയും ആണെന്നും 30.09.2024 ന് മുൻപ് ഭാഗികമായി ജനറൽ സസ്പെൻസ് അക്കൗണ്ടിൽ തുക അടച്ച ധാരാളം പേരുണ്ടെന്നും അത്തരം ആൾക്കാർക്ക് സാമ്പത്തിക പ്രയാസം കാരണം ടി കാലവധിയ്ക്കുള്ളിൽ തുക പൂർണ്ണമായും അടയ്ക്കാൻ കഴിഞ്ഞില്ലെന്നും ആർ.ആർ നടപടികളിൽ ഇരിയ്ക്കുന്ന വസ്തുക്കൾ വില്പന നടത്തിയും മറ്റ് ബാങ്ക് ലോൺ മുഖേനയും സന്നദ്ധസംഘടനകളുടെ സഹായത്തോടെയും തുക സമാഹരിയ്ക്കുന്നവർ കുറച്ച് ദിവസങ്ങൾ കൂടി പലിശയിളവോടെ തുക അടിക്കുന്നതിനുള്ള അവസരം ലഭ്യമാകുമെങ്കിൽ അക്കൗണ്ട് തീർപ്പാക്കാൻ സാധിയ്ക്കുമെന്ന് കമ്പനിയെ അറിയിച്ചതായും, കമ്പനിയുടെ 05.11.2024 ന് ചേർന്ന 582 നമ്പർ ഡയറക്ടർ ബോർഡ് യോഗം ഇക്കാര്യം പരിഗണിച്ചതായും ടി യോഗത്തിലെ 10423 നമ്പർ പ്രമേയ തീരുമാനം പ്രകാരം ആശ്വാസ് 2024 പദ്ധതിയുടെ കാലാവധി ദീർഘിപ്പിയ്ക്കുന്നതിന് അനുമതി തേടുന്നതിന് തീരുമാനിക്കുകയുണ്ടായതായും അതിനാൽ ആശ്വാസ് 2024 പദ്ധതിയുടെ കാലാവധി നിലവിലുള്ള നിബന്ധനകൾ നിലനിർത്തി 30.09.2024 മുതൽ 30.11.2024 വരെ 2 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് നല്കുന്നതിന് അനുവാദം നൽകണമെന്നും പരാമർശം (2) പ്രകാരം മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "ആശ്വാസ്-2024" പദ്ധതിയുടെ കാലാവധി 01.08.2024 മുതൽ 30.09.2024 വരെ ആയിരുന്നു. ടി കാലയളവിൽ ആർആർ/നോൺ ആർആർ കുടിശ്ശിക അക്കൗണ്ടുകളിലായി 342.43 കോടി പിരിച്ചെടുത്തതായി കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ കുറച്ച് കൂടി സമയം ദീർഘിപ്പിച്ച് നൽകുകയാണെങ്കിൽ കുടിശ്ശിക പിരിവ് നല്ല രീതിയിൽ നടത്താൻ കഴിയുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ആശ്വാസ്-2024 പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കെ.എസ്.എഫ്.ഇ ബോർഡ് തീരുമാനത്തിന് അംഗീകാരം നല്കിയും പരാമർശം (1) പ്രകാരമുള്ള നിബന്ധനകൾ നിലനിർത്തി ആശ്വാസ്-2024 പദ്ധതിയുടെ കാലാവധി 01.10.2024 മുതൽ 30.11.2024 വരെ (2 മാസത്തേയ്ക്ക് കൂടി) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ, തൃശ്ശൂർ
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (H2/246/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 14-11-2024 16:00:45
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു.ധന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. നികുതി (ബി,സി,ഡി&എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എയ്ക്ക്